# കിർഗിസ്ഥാനിൽ കുടുങ്ങിയവരെ ഉടൻ നാട്ടിലെത്തിക്കും: അഹമ്മദ്

പെരിന്തൽമണ്ണ: വംശീയ സംഘർഷം രൂക്ഷമായ തെക്കൻ കിർഗിസ്ഥാനിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിച്ചതായി കേന്ദ്രമന്ത്രി ഇ. അഹമ്മദ് അറിയിച്ചു.

ആദർശ് സ്റ്റേഷനായി ഉയർത്തിയ പട്ടിക്കാട് റയിൽവേ സ്റ്റേഷനിൽ നിർമിച്ച ടിക്കറ്റ് കൗണ്ടർ ഉദ്ഘാടനം ചെയ്തശേഷം സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കിർഗിസ്ഥാനിൽ കുടുങ്ങിയ നാലു മലയാളി വിദ്യാർഥികളെ നാട്ടിലെത്തിക്കാൻ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നടപടികളെടുത്തതായി വിദേശകാര്യ സെക്രട്ടറി നിരുപമ റാവു അറിയിച്ചതായി അദ്ദേഹം വ്യക്തമാക്കി. കിർഗിസ്ഥാനിൽ കുടുങ്ങിയവരെ ഇന്ത്യയിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയവുമായി ചർച്ച നടത്തിയതായി അഹമ്മദ് പറഞ്ഞു. കലാപത്തിൽ കുടുങ്ങിയ ഇന്ത്യക്കാരോടുള്ള എംബസിയുടെ സമീപനം വിമർശനവിധേയമായ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നായിരുന്നു മറുപടി.

കിർഗിസ്ഥാനിൽ കുടുങ്ങിയ 116 ഇന്ത്യാക്കാരിൽ മലപ്പുറത്തുകാരായ നാലു മെഡിക്കൽ വിദ്യാർഥികളുമുണ്ട്. രണ്ടു ദിവസമായി കലാപം നടക്കുന്ന സ്ഥലത്ത് വീടിനുള്ളിൽത്തന്നെ കഴിയുകയായിരുന്ന ഇവർ അമേരിക്കൻ സൈന്യത്തിന്റെ സഹായത്തോടെ ബിഷ്കേക്കിലുള്ള ഇന്ത്യൻ എംബസിയിൽ അഭയംപ്രാപിച്ചിരിക്കുകയാണ്.